(ബി) പ്രസ്തുത വില്ലേജുകൾ തൃശ്ശൂർ കോൾവികസന ഏജൻസിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

(സി) പ്രസ്തുത വില്ലേജുകൾ തൃശ്ശൂർ കോൾ വികസന ഏജൻസിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊന്നാനി കോൾ വികസന ഏജൻസിയിൽ തൃശ്ശൂർ ജില്ലയിലെ 8 വില്ലേജുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

പൊന്നാനി കോൾകൃഷി വികസനത്തിന് നബാർഡിൽനിന്ന് ലഭിച്ച സഹായം

85 [3364] ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കോൾകൃഷി വികസനത്തിന് നബാർഡിൽനിന്നും ഇതുവരെ ലഭിച്ച സഹായം എത്രയാണ്;

(ബി) കോൾകൃഷി വികസനത്തിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ;

(സി) പുതുതായി എന്തെങ്കിലും പദ്ധതികൾ നബാർഡിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഇതുവരെയായി കോൾ മേഖലയിൽ എത്ര മോട്ടോർ ഷെഡ്ഡ്, എഞ്ചിൻ തറ എന്നിവ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) തകർന്നുപോയ ബണ്ടുകൾ പുനർ നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ;

(എഫ്) ഇപ്പോൾ കോൾ വികസന ഏജൻസിയിൽ എത്ര ഫണ്ട് ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സഹായം ലഭിച്ചിട്ടില്ല.

(ബി) കോൾകൃഷി വികസനത്തിനായി ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ ബണ്ടുകളുടെ നിർമ്മാണവും പഴയ ബണ്ടുകളുടെ പുനരുദ്ധാരണവും നടത്തിവരുന്നു. ജലസേചനത്തിനും ജലനിർഗമനത്തിനുമായി പെട്ടി, പറ, മോട്ടോർ പമ്പ്സെറ്റ് മുതലായവ അനുവദിക്കുന്നുണ്ട്. കൂടാതെ സബ്സിഡി നിരക്കിൽ വിത്ത്, വളം, കീടനാശിനി എന്നിവയും അനുവദിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly.

(സി) 26.41 കോടി രൂപയുടെ പൊന്നാനി കോൾ വികസന പദ്ധതി ഒന്നാം ഘട്ടത്തിന്റെ പ്രോജക്ട് നബാർഡിന് സമർപ്പിക്കുന്നതിനായി കെ.എൽ.ഡി.സി.-യിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ഡി) കോൾ മേഖലയിൽ പത്ത് മോട്ടോർ ഷെഡ്ഡും 10 എഞ്ചിൻതറയും പുതുതായി നിർമ്മിച്ചിട്ടുണ്ട്.

(ഇ) വികസന ഏജൻസി സമർപ്പിക്കുന്ന പദ്ധതിയ്ക്കനുസൃതമായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ഇപ്പോൾ പൊന്നാനി കോൾ വികസന ഏജൻസിയിൽ 22.559 ലക്ഷം രൂപ ഉണ്ട്.

പൊന്നാനി കോൾവികസന ഏജൻസി

86 [3365] ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കോൾ വികസന ഏജൻസി ഭരണസമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) പുനഃസംഘടിപ്പിച്ച ഭരണസമിതിയിൽ തൃശ്ശൂർ ജില്ലയിൽ നിന്ന് എത്ര കർഷക പ്രതിനിധികളുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) കോൾ വികസന ഏജൻസി ഒരു വർഷത്തിൽ എത്ര തവണ യോഗം ചേരേണ്ടതുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 19-12-2002-ലെ ഗവൺമെന്റ് ഉത്തരവ് (എംഎസ്.) നമ്പർ 235/02/എ.ഡി. പ്രകാരം പൊന്നാനി കോൾ വികസന ഏജൻസി പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിൽനിന്നും കർഷക പ്രതിനിധികൾ ആരും ഇല്ല.

(സി) നാല് തവണ.

കേരളത്തിൽ ആർ.ഐ.ഡി.എഫ്. സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ വാട്ടർ ഷെഡ്ഡുകൾ

87 [3368] ശ്രീ. കളത്തിൽ അബ്ദുള്ള:
„ സി. ടി. അഹമ്മദ് അലി:
„ പി. കെ. അബ്ദുറബ്ബ്:
„ സി. മോയിൻകുട്ടി:
„ പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly